DESPATCHED
On.2/4/22...

11/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2540*(2)/2017*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15847**/*എസ്.ഐ.സി-ജി 6/17*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.സി.രവി,
5/319(1) ഈഴവ ഇല്ലം,
ദുർഗ്ഗാ ലൈൻ, പൂത്തൂർ,
പാലക്കാട് – 678 001.

} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
റവന്യൂ ടാക്സ് സൂപ്രണ്ട്,
നഗരസഭാ കാര്യാലയം, പാലക്കാട്.

2. അപ്പീൽ അധികാരി&
റവന്യൂ ഓഫീസർ,
പാലക്കാട് നഗരസഭ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.05.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.06.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13.11. 2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23.12.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 26.12. 2017 |
| ഹിയറിംഗ് നടന്ന തീയതി | 10.03.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി

തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് മറുപടി ലഭ്യമാക്കിയില്ലെന്നുമാണ്.

2. അപ്പീൽ ഹർജിക്കാരൻ 24.05.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,കെട്ടിട നികുതി പരിഷ്ക്കരണം പൂർത്തിയായെന്നും 2013 മുതൽ പ്രാബല്ല്യത്തോടെയാണെന്നും ഇനി മുതൽ പുതിയ നികുതിയായിരിക്കും സ്വീകരിക്കയെന്നും നഗര സഭാ വൈസ് ചെയർമാൻ ശ്രീ.കൃഷ്ണകുമാറിന്റെ അറിയിപ്പ് മാതൃഭൂമി പത്രത്തിൽ കണ്ടതു പ്രകാരം ആയതിന്റെ സ്പഷ്ടീകരണത്തിനായി ബഹു. ഹൈക്കോടതിയെ സമീപിക്കേണ്ടതിനാൽ താഴെപ്പറയുന്ന വിവരങ്ങൾ എത്രയും വേഗം അനുവദിച്ച് നൽകണമെന്നാണ്.

1) SRO – 395/98 -ാം നമ്പർ പ്രകാരമുള്ള നികുതി പരിഷ്ക്കരണ ചട്ടങ്ങൾ/നടപടികൾ പൂർത്തീകരിച്ച ശേഷമാണോ ഈ അറിയിപ്പെന്നും,

2) മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 539 അനുസരിച്ച് ഡിമാന്റ് നോട്ടീസ് നൽകിയ ശേഷം 3 വർഷം പിന്നിട്ട നികുതി തുകകൾ പിരിച്ചെടുക്കാൻ അനുവാദമുണ്ടോയെന്നും,

3) കെട്ടിട നികുതിദായകന് നോട്ടീസ് നൽകി ആക്ഷേപങ്ങൾ സ്വീകരിക്കാൻ അവസരം നൽകണമെന്ന് നിയമം/ചട്ടം അനുശാസിക്കുന്നുണ്ടോയെന്നും,

4) മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 231-ാം നമ്പർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ടോയെന്നും

5) സർക്കാർ തീരുമാനപ്രകാരമുള്ള നികുതി പരിഷ്ക്കരണത്തിന്റെ ഗാർഹിക/ഗാർഹികേതര ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനുവദിച്ച് നൽകണമെന്നുമാണ്.

ആയതിന് 23.06.2017ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) നികുതി പരിഷ്ക്കരണ ചട്ടങ്ങൾ/നടപടികൾ പൂർത്തീകരിച്ച ശേഷമാണെന്നും

2) നടപടി സ്വീകരിച്ചുവരുന്ന കേസുകളിൽ നിബന്ധന ബാധകമ ല്ലെന്നും

3) നികുതി നിർണ്ണയത്തിൽ തെറ്റുണ്ടെങ്കിൽ പരാതി നൽകാവുന്ന താണെന്നും

4) നടപടികൾ സ്വീകരിക്കാറുണ്ടെന്നും

5) 12/- രൂപ ഓഫീസിൽ ഒടുക്കുന്ന മുറയ്ക്ക് കൈപ്പറ്റാവുന്നതാ ണെന്നുമാണ്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് മറുപടി നൽകിയതായി കാണുന്നില്ല.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ 26.05.2017ൽ ടി ഓഫീസിൽ ലഭിക്കുകയും ആയതിന് 23.06.2017ൽ മറുപടി നൽകിയിരുന്നു വെന്നും ആയതിൽ ടിയാൻ ആവശ്യപ്പെട്ട ഉത്തരവിന്റെ പകർപ്പ് 12/- രൂപ ഓഫീസിൽ അടക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണെന്നു അറിയിച്ചിരു ന്നതും ആയതിനായി ടി പരാതിക്കാരൻ ഓഫീസിൽ ഹാജരായി ആവശ്യ മായ തുകയായ 12/- രൂപ അടയ്ക്കുന്നതിന് സെക്ഷനിൽ നിന്നും ഡിമാന്റ് നമ്പർ നൽകി തുക അടച്ച് രസീതുമായി ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടു വെന്നും എന്നാൽ ടിയാൻ തുക അടച്ചതിനു ശേഷം സെക്ഷനിൽ ഹാജ രായി പകർപ്പ് കൈപ്പറ്റാതെ മടങ്ങുകയാണ് ചെയ്തതെന്നുമാണ്.

തുടർന്ന് 12.11.2017ൽ ടിയാൻ തുക അടവാക്കി നാളിതുവരെയും പകർപ്പ് ലഭ്യമായിട്ടില്ലെന്നു കാണിച്ച് സമർപ്പിച്ച അപേക്ഷയ്ക്കും യഥാസ മയം തന്നെ ഓഫീസിൽ ഹാജരായി പകർപ്പ് കൈപ്പറ്റാവുന്നതാണ് എന്നറി യിച്ചിരുന്നുവെന്നുമാണ്. കൂടാതെ ടിയാൻ സെക്ഷനിൽ പലതവണ ഹാജ രായി പകർപ്പ് ലഭിച്ചിട്ടില്ല എന്ന വാദം തെറ്റാണെന്നും ഒരിക്കൽ പോലും സെക്ഷനിൽ ഹാജരായി പകർപ്പു കൈപ്പറ്റാതെ കള്ളവാദം ഉന്നയിക്കുന്നതാ ണെന്നും വളരെ നാളുകൾക്ക് ശേഷം കത്തിടപാടു നടത്തിയതും തുടർന്ന് നൽകിയ മറുപടി പ്രകാരവും പ്രവൃത്തിക്കാതെയാണ് പിന്നീട് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നും ടി നിയമത്തെ അവഹേളിക്കലാ ണ് എന്നും ടിയാൻ തന്നെ ഇതിനു മുമ്പും നഗരസഭയിൽ നികുതിയേതര

വിഭാഗത്തിൽ വിവരാവകാശ നിയമപ്രകാരം തുക അടച്ചിട്ട് പകർപ്പ് കൈപ്പ റ്റാതെ പരാതി നൽകിയ വ്യക്തിയാണെന്നുമാണ്. ഹർജിക്കാരൻ സമർപ്പിച്ച 13.11.2017ലെ മറുപടി റവന്യൂ വിഭാഗത്തിൽ ലഭിച്ചതായി കാണുന്നില്ലെന്നും ആയത് കൂടുതൽ പരിശോധന നടത്തി ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന രേഖ കൾക്കായി 12/- രൂപ ഒടുക്കാൻ നിർദ്ദേശിച്ചിരുന്നതു പ്രകാരം തുക ഒടുക്കി യെങ്കിലും രേഖകൾക്കായി സമീപിച്ചപ്പോൾ ഓരോ അവധികൾ പറഞ്ഞ് നടത്തിക്കുകയാണ് ചെയ്തതെന്നും തപാൽ മാർഗ്ഗം അയച്ചു നൽകിയി ല്ലെന്നുമാണ്. കൂടാതെ രേഖകൾ ലഭിക്കാതെ വന്നപ്പോൾ ഇനി സൗജന്യ മായി ലഭ്യമാക്കണമെന്ന് കാണിച്ച് കത്തെഴുതിയതിന് വേണമെങ്കിൽ ഓഫീ സിൽ ഹാജരായി വാങ്ങുന്നതിനുള്ള നിർദ്ദേശം നൽകിയതിനാൽ അപ്പീൽ ഹർജി സമർപ്പിച്ചുവെന്നും ടി അപ്പീൽ ഹർജിക്ക് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നുമാണ് കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന പരാതി. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ 06.07.2017ൽ 12/- രൂപ അടച്ചിട്ടും നാളിതുവരെ ടിയാൻ ആവശ്യപ്പെട്ട വിവരം നൽകിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ മേൽപ്പടി എതിർകക്ഷിയ്ക്കെ തിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരി ക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനു ണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേ ണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാ

യിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. കൂടാതെ ഹർജിക്കാരൻ ഒടുക്കിയ തുകയായ 12/- രൂപ ടിയാന് തിരികെ നൽകണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

7. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 11–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION THIRUVANANTHAPURAM